SS3/178/2022-GAD

7884823/2023/(SS) GAD

©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY



| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2023 ഡിസംബർ 12<br>12th December 2023<br>1199 വൃശ്ചികം 26<br>26th Vrischikam 1199<br>1945 അഗ്രഹായനം 21<br>21st Agrahayana 1945 | നമ്പർ<br>No. 4048 |



GOVERNMENT OF KERALA

**General Administration (SS) Department**

NOTIFICATION

G.O.(Ms.) No.189/2023/GAD. *Dated, Thiruvananthapuram, 12th December, 2023.*

**S. R. O. No. 1333/2023**

In exercise of the powers conferred by clauses (2) and (3) of Article 166 of the Constitution of India, the Governor of Kerala hereby makes the following rules further to amend the Rules of Business of the Government of Kerala, namely:–

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## RULES

1. *Short title and commencement.–* (1) These rules may be called the Rules of Business of the Government of Kerala (2nd Amendment) Rules, 2023.

(2) They shall come into force at once.

2. *Amendment of the Rules.–* In the Rules of Business of the Government of Kerala, in PART II in the FIRST SCHEDULE,–

(1) under the heading "List of Departments", –

(a) after serial number "1. Agriculture Department.", the following serial number and entry shall respectively be inserted, namely:–

"2. Animal Husbandry Department." ;

(b) the existing serial numbers from 2 to 46 shall be renumbered consecutively from 3 to 47;

(c) after serial number so renumbered "8. Cultural Affairs Department.", the following serial number and entry shall respectively be inserted, namely:–

"9. Dairy Development Department.";

(d) the existing serial numbers from 9 to 47 shall be renumbered consecutively from 10 to 48.

(2) under the heading 'DISTRIBUTION OF BUSINESS AMONG DEPARTMENTS OF THE SECRETARIAT,'–

(a) under the sub-heading "I. AGRICULTURE DEPARTMENT", the existing items D and E and all the entries thereunder shall be omitted and the existing item "F", shall be relettered as "D." ;

(b) after the sub-heading "I. AGRICULTURE DEPARTMENT" and the entries thereunder, the following sub-heading and entries shall respectively be inserted, namely:–

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

"II. ANIMAL HUSBANDRY DEPARTMENT

1. Administration of Animal Husbandry Department.
2. Veterinary College and Research Institute.
3. Veterinary Research Council.
4. Administration of Kerala Veterinary Practitioners Act.
5. Veterinary Hospitals and Dispensaries.
6. Livestock, Poultry, Piggery Development.
7. Dry stock Farms.
8. Slaughter of cows.
9. Society for Prevention of Cruelty to Animals (SPCA).
10. Indo-Swiss Project.";

(c) the existing serial numbers, prefixing the sub-heading from 'II to XLVI' shall be renumbered consecutively from 'III to XLVII';

(d) after the sub-heading so renumbered "VIII. CULTURAL AFFAIRS DEPARTMENT" and the entries thereunder, the following sub-heading and entries shall respectively be inserted, namely:–

"IX. DAIRY DEVELOPMENT DEPARTMENT.

1. Dairy Development Department.
2. Fodder Development.
3. All Programmes of Milk Production and Distribution.
4. Papers relating to Milk Supply Unions and Primary Co-operative Societies.
5. Operation Flood Project.
6. Kerala Livestock Development and Milk Marketing Board.";

(e) the existing serial numbers so renumbered as prefixing sub-heading from 'IX to XLVII' shall be renumbered consecutively from 'X to XLVIII';

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

By order of the Governor,

K.R.JYOTHILAL,
*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

As per G.O.(Ms.)No. 20/2023/AHD dated 17th August, 2023, the subjects 'Animal Husbandry' and 'Dairy Development' included under Agriculture Department were separated from the parent department and declared as two independent departments as Animal Husbandry Department and Dairy Development Department respectively. Hence, Government have decided to amend the Rules of Business of the Government of Kerala, in order to include the aforesaid independent departments in the the said rules, accordingly.

*The notification is intended to achieve the above object.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(22)    17

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 18-10-2023**

ഫയൽ നം. എസ്.എസ്.3/178/2022/പൊ.ഭ.വ.    ഇനം നം: 1835

വിഷയം : പൊതുഭരണ വകുപ്പ് - കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങൾ - കൃഷി വകുപ്പിനു കീഴിലെ ഉപശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള "മൃഗസംരക്ഷണം", "ക്ഷീരവികസനം" എന്നിവയെ പ്രത്യേകം വകുപ്പുകളായി ഉൾപ്പെടുത്തുന്നതിന് കാര്യനിർവ്വഹണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്.

4 1835

(21)

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എസ്.എസ്3/178/2022-പൊ.ഭ.വ |
| 2 | വകുപ്പ് | : | പൊതുഭരണ (എസ്.എസ്.) വകുപ്പ് |
| 3 | വിഷയം | : | കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങൾ - കൃഷി വകുപ്പിനു കീഴിലെ ഉപശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള "മൃഗസംരക്ഷണം", "ക്ഷീര വികസനം" എന്നിവയെ പ്രത്യേകം വകുപ്പുകളായി ഉൾപ്പെടുത്തുന്നതിന് - കാര്യ നിർവ്വഹണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച് . |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 16.10.2023 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അല്ല |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ബാധകമല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീ.ആർ.ഗോപകുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | | ശ്രീ. കെ.ആർ. ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.10.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.10.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 16.10.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17.10.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ കൃഷി വകുപ്പിന് കീഴിൽ ഉപശീർഷകങ്ങളായി ചേർത്തിട്ടുള്ള Animal Husbandry യെയും Dairy Development നെയും അവയ്ക്ക് കീഴിലെ വിഷയങ്ങളെയും കൃഷി വകുപ്പിൽ നിന്നും ഒഴിവാക്കിക്കൊണ്ട് അവയെ യഥാക്രമം Animal Husbandry Department, Dairy Development Department എന്നിങ്ങനെ പ്രത്യേകം വകുപ്പുകളായി കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിലെ പാർട്ട് II ഒന്നാം ഷെഡ്യൂളിലെ AGRICULTURE DEPARTMENT നു കീഴിലെ ഉപശീർഷകങ്ങളിൽ D ആയി ഉൾപ്പെട്ടിട്ടുള്ള Animal Husbandry (മൃഗസംരക്ഷണം) E. ആയി ഉൾപ്പെട്ടിട്ടുള്ള Dairy Development (ക്ഷീര വികസനം) എന്നിവ ഇപ്പോൾ സ്വതന്ത്ര വകുപ്പുകളായി പ്രവർത്തിക്കുന്നതിനാലും, കൃഷി വകുപ്പിനും മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പുകൾക്കും പ്രത്യേകം മന്ത്രിമാർ ഉള്ളതിനാലും, പ്രസ്തുത വകുപ്പുകളെ മാതൃവകുപ്പായ കൃഷി വകുപ്പിൽ നിന്നും വേർപെടുത്തിക്കൊണ്ടും കൃഷി (മൃഗസംരക്ഷണ) വകുപ്പിന്റെ പേരിൽ നിന്നും നിലവിലെ 'കൃഷി' എന്നത് മാറ്റി 'മൃഗസംരക്ഷണ വകുപ്പ്' എന്നും കൃഷി (ക്ഷീര വികസന) വകുപ്പിന്റെ പേര് "ക്ഷീരവികസന വകുപ്പ്" എന്നും മാറ്റി രണ്ടും പ്രത്യേക വകുപ്പായി റൂൾസ് ഓഫ് ബിസിനസ്സിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ രണ്ട് സ്വതന്ത്ര വകുപ്പുകളാക്കിക്കൊണ്ട് 17/08/2023 ലെ സ.ഉ.(കൈ) 20/2023/AHD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും അതിനാൽ സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും മൃഗസംരക്ഷണ വകുപ്പ് ആവശ്യപ്പെട്ടിരുന്നു.

3. 17/08/2023 ലെ സ.ഉ.(കൈ) 20/2023/AHD ലെ ഉത്തരവിൽ പരാമർശിക്കുന്നതുപോലെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ ഒരിടത്തും പ്രസ്തുത വകുപ്പുകളെ Agriculture (Animal Husbandry) Department, Agriculture (Dairy Development) Department എന്നിങ്ങനെ പരാമർശിച്ചിട്ടില്ല. അതിനാൽ മൃഗസംരക്ഷണ വകുപ്പ് ആവശ്യപ്പെട്ട പ്രകാരം കൃഷി വകുപ്പിന് കീഴിൽ ഉപശീർഷകമായി ചേർത്തിട്ടുള്ള Animal Husbandry യെയും Dairy

Development നെയും അവയ്ക്ക് കീഴിലെ വിഷയങ്ങളെയും കൃഷി വകുപ്പിൽ നിന്നും ഒഴിവാക്കിക്കൊണ്ട് യഥാക്രമം Animal Husbandry Department, Dairy Development Department എന്നിങ്ങനെ പ്രത്യേകം വകുപ്പുകളായി കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരേണ്ടതുണ്ട്. ഇതിലേക്കായി മന്ത്രിസഭയുടെ തീരുമാനവും തുടർന്ന് ബഹുമാനപ്പെട്ട കേരള ഗവർണറുടെ അനുമതിയും ആവശ്യമാണ്.

4. ഇക്കാര്യത്തിൽ ബഹു. മുഖ്യമന്ത്രിക്ക് ഫയൽ സമർപ്പിച്ചപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവിട്ടു.

## തീരുമാനിക്കേണ്ട വിഷയങ്ങൾ

1. കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിലെ കൃഷി വകുപ്പിനു കീഴിൽ ഉപ ശീർഷകങ്ങളിൽ 'D' ആയി ഉൾപ്പെട്ടിട്ടുള്ള 'Animal Husbandry', 'E' ആയി ഉൾപ്പെട്ടിട്ടുള്ള 'Dairy Development' എന്നിവയെയും അവയ്ക്ക് കീഴിലെ വിഷയങ്ങളെയും കൃഷി വകുപ്പിൽ നിന്നും ഒഴിവാക്കിക്കൊണ്ട് അവയെ യഥാക്രമം Animal Husbandry Department, Dairy Development Department എന്നിങ്ങനെ പ്രത്യേകം വകുപ്പുകളായി സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താമോ?
2. ഇത് സംബന്ധിച്ച് കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ബഹു.കേരള ഗവർണറുടെ അനുമതി തേടാമോ ?